## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 319 | 28.01.2019 ൽ മറുപടിയ്ക്ക് |
|---|---|
| **കേരളത്തിലെ അംഗൻവാടികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) കേരളത്തിൽ എത്ര അംഗൻവാടികളും അംഗൻവാടി വർക്കർമാരും ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) കേരളത്തിൽ ആകെ 33115 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. അങ്കണവാടികളിൽ ആകെ 33115 അങ്കണവാടി വർക്കർമാർ നിലവിലുണ്ട്. |
| (ബി) അംഗൻവാടികളിൽ ടെലിവിഷൻ ഉണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) കേരളത്തിൽ ആകെ 404 അങ്കണവാടികളിൽ ടെലിവിഷൻ ഉണ്ട്. |
| (സി) ഇല്ലെങ്കിൽ 2018 സെപ്റ്റംബർ 11-ന് പ്രധാനമന്ത്രിയുടെ ഡയറക്ട് സംവാദ് പരിപാടി അംഗൻവാടികളിലെ ഗുണഭോക്താക്കളായ മുഴുവൻ അമ്മമാരെയും കാണിക്കണമെന്ന ഉത്തരവ് എങ്ങനെയാണ് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ ; | (സി) കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ 04.09.2018 ലെ PA/27/2018-CPMU നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഡയറക്ട് സംവാദ് വീക്ഷിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ഹാളുകൾ ക്രമീകരിച്ചിരുന്നു. ടെലിവിഷൻ ഉള്ള സെന്ററുകളിൽ ആ സംവിധാനം പ്രയോജനപ്പെടുത്തി. കൂടാതെ എല്ലാ അക്ഷയസെന്ററുകളിലും ഡയറക്ട് സംവാദ് വീക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനു IT മിഷന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ബഹു. പ്രധാനമന്ത്രിയുമായി നേരിട്ട് സംവാദം നടത്തുന്നതിന് പാലക്കാട് ജില്ലയിലെ അട്ടപ്പാടി, വയനാട് എന്നിവിടങ്ങളിലെ NIC സെന്ററുകളും ക്രമീകരിച്ചു. ചില സ്ഥലങ്ങളിൽ ലൈബ്രറികൾ, ഗുണഭോക്താക്കളുടെ വീടുകൾ എന്നിവിടങ്ങൾ വഴിയും ഡയറക്ട് സംവാദ് വീക്ഷിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) അംഗൻവാടികൾക്ക് ടെലിവിഷൻ നൽകാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾ ഏർപ്പെടുത്തുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ടി സ്ഥാപനങ്ങൾക്ക് തീരുമാനം എടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ